പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

27.10.2016-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 4958

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. ആർ. രാജേഷ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(ബി) ഭൂരഹിതരായ ആളുകൾക്ക് ഏതു നിലയിലാണ് ഈ പദ്ധതിയിലുൾപ്പെടുത്തി വീട് നൽകുവാൻ ഉദ്ദേശിക്കുന്നത്; ഭവന രഹിതരുടെയും,ഭൂരഹിതരുടെയും എണ്ണം കൃത്യമായി കണക്കാക്കിയിട്ടുണ്ടോ;എണ്ണം കണക്കാക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗം വ്യക്തമാക്കുമോ; | (എ) യും (ബി) യും | കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പി നും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്.<br>പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്. |

| | | | |
|---|---|---|---|
| (സി) | മുൻസർക്കാരിന്റെ കാലത്ത് നൽകിയ വീടുകളുടെ എണ്ണം വ്യക്തമാക്കുമോ? | (സി) | മുൻസർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ വകുപ്പ് മുഖേന 3169 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ വകുപ്പുകളിലെ വിവിധ പദ്ധതികളിലായി 4,29,226 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ